## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1770** **18.06.2012-ൽ മറുപടിക്ക്.**

ജനമൈത്രീ സുരക്ഷാ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ജനമൈത്രീ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | : (എ) ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി പരമാവധി 1000 വീടുകൾ ഉൾപ്പെടുന്ന ഒരു ട്രൂപ്പിന് ഒരു ബീറ്റ് എന്ന ക്രമത്തിൽ ബീറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ബീറ്റ് ഓഫീസർമാർക്കും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർക്കും കൂടുതൽ മോട്ടോർ സൈക്കിളുകളും സ്കൂട്ടറുകളും വാങ്ങി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക്സ് ബീറ്റ് സംവിധാനം ഏർപ്പെടുത്തി ബീറ്റ് ഡ്യൂട്ടി എല്ലാ സ്ഥലങ്ങളിലും പ്രാവർത്തികമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ജനമൈത്രി പദ്ധതി നടപ്പിൽ വരുത്തിയ പോലീസ് സ്റ്റേഷനുകളിൽ, ആ പ്രദേശത്തെ മാന്യവ്യക്തികൾ, വിദ്യാഭ്യാസ-സാമൂഹിക-സാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, മുതിർന്ന പൗരന്മാർ, സ്ത്രീകൾ, പട്ടികജാതി - പട്ടികവർഗ്ഗത്തിൽ-പ്പെട്ടവർ എന്നിവരെ ഉൾപ്പെടുത്തി ജനമൈത്രി |

(മറുപുറം)

സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ നേതൃത്വത്തിൽ ബീറ്റ് യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പോലീസ് ഡയറക്ടർ ജനറൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ എവിടെയെല്ലാമാണ് ഈ സംവിധാനം നടപ്പാക്കിവരുന്നത് ; വിശദമാക്കുമോ;

: (ബി) ഇപ്പോൾ സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനം നിലവിലുണ്ട്.

(സി) ആദിവാസി മേഖലയിലെ പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ഡി) ഏതൊക്കെ പുതിയ മേഖലകളിലാണ് ഈ സംവിധാനം വ്യാപിപ്പിക്കാനുദ്ദേശിക്കുന്നത് ?

: (സി) & (ഡി)

ഉണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ച 26.24 ലക്ഷം രൂപ 50 ട്രൈബൽ പോലീസ് സ്റ്റേഷനുകളിലെ പരിശീലനം, മെഡിക്കൽ സഹായം, സമിതി മീറ്റിംഗ്, മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട പൊതുജനങ്ങൾക്ക് പാരിതോഷികം തുടങ്ങിയ കാര്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം 50 ട്രൈബൽ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ 100 പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി സുരക്ഷാ പദ്ധതി വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ